# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3374    20.06.2018-ൽ മറുപടിക്ക്**

## ജസ്റ്റിസ് പി.എസ്. ആന്റണി കമ്മീഷൻ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ജസ്റ്റിസ് പി.എസ്.ആന്റണി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി രൂപീകരിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; കമ്മിറ്റി ഇതിനായി എത്ര യോഗങ്ങൾ ചേർന്നു; | (എ) റിട്ട. ജില്ലാ ജഡ്ജി ശ്രീ.പി.എസ്. ആന്റണി അന്വേഷണ കമ്മീഷന്റെ 1 മുതൽ 5 വരെയും 7 മുതൽ 16 വരെയുമുള്ള ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി ഐ & പി. ആർ.ഡി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 25.11.2017-ലെ സ.ഉ.(സാധാ) 247/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും റിപ്പോർട്ടിലെ 6-ാമത്തെ ശിപാർശയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1952-ലെ കമ്മീഷൻ ഓഫ് ഇൻക്വയറി ആക്ടിലെ സെക്ഷൻ 3(4) പ്രകാരം കമ്മീഷന്റെ ശിപാർശകളിൽ നടപടിയെടുക്കൽ സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| | ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി യോഗം ചേർന്ന് റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി.എസ് ആന്റണി കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) മാധ്യമങ്ങളും പത്രപ്രവർത്തകരുമായി സംസ്ഥാന മന്ത്രിമാർ ഇടപെടുന്ന കാര്യത്തിൽ പൊതുവായ ഒരു പെരുമാറ്റ ചട്ടം രൂപീകരിക്കണമെന്ന കമ്മീഷന്റെ ശിപാർശയിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) യുവതലമുറയ്ക്ക് മാധ്യമങ്ങളുടെ വിശേഷിച്ച് സോഷ്യൽ മീഡിയയുടെ ഗുണദോഷങ്ങളെ കുറിച്ച് സ്കൂൾ തലം മുതൽ വിദ്യാഭ്യാസം നൽകികൊണ്ട് മാധ്യമപ്രവർത്തനം ഉത്തരവാദിത്തമുള്ളതാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) മാധ്യമ പ്രവർത്തനം ഉത്തരവാദിത്വമുള്ളതാക്കുന്നതിന് യുവതലമുറയ്ക്ക് മാധ്യമങ്ങളുടെയും മറ്റു അനുബന്ധ മേഖലകളുടെയും ഗുണദോഷങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നത് ലക്ഷ്യമിട്ട് കേരള മീഡിയ അക്കാദമി, സ്കൂൾ/കോളേജ് തലങ്ങളിൽ മീഡിയ ക്ലബ് രൂപവത്കരിക്കുന്ന പരിപാടിക്ക് രൂപം നൽകിയും, അതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ